**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2069** **30-09-2025 - ൽ മറുപടിയ്ക്ക്**

**ന്യൂഡൽഹി ട്രാവൻകൂർ പാലസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കഴിഞ്ഞ പത്തു വർഷക്കാലങ്ങളായി ന്യൂഡൽഹി ട്രാവൻകൂർ പാലസിൽ നടപ്പാക്കിയിട്ടുള്ളതും നടന്നുവരുന്നതുമായ പ്രവൃത്തികൾ ഏതൊക്കെയെന്നും അവയുടെ നിർവഹണ ഏജൻസിയുടെയും ഭരണാനുമതിയുടെയും വിവരങ്ങളും വ്യക്തമാക്കുമോ; | (എ) | 30.04.2015 തീയതിയിലെ സ.ഉ.(സാ.ധാ.) 3215/2015/പൊഭവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരമാണ് ന്യൂഡൽഹിയിലെ ട്രാവൻകൂർ പാലസിന്റെ സംരക്ഷണം, അഡാപ്റ്റീവ് പുനരുപയോഗം, രൂപകല്പന എന്നിവയ്ക്കായി ഭരണാനുമതി നൽകിയത്. തുടർന്ന് 23.10.2020 തീയതിയിലെ സ.ഉ (കൈ) 205/2020/പൊഭവ സർക്കാർ ഉത്തരവ് പ്രകാരം പൈതൃക കെട്ടിടങ്ങളുടെ ഇന്റീരിയർ ജോലികൾ രൂപ കൽപ്പന ചെയ്യുന്നതിലും നടപ്പിലാക്കുന്നതിലും പരിചയ സമ്പന്നരായ കേന്ദ്ര സർക്കാർ പൊതു മേഖലാ സ്ഥാപനമായ നാഷണൽ ബിൽഡിങ്സ് കൺസ്ട്രക്ഷൻ കോർപറേഷൻ (NBCC) -നെ പാലസിലെ പൈതൃക കെട്ടിടത്തിന്റെ നവീകരണവും, പ്രത്യേക അറ്റകുറ്റ പണികൾ, ഇന്റീരിയർ അപ് ഗ്രഡേഷൻ, സൈറ്റ് വികസന പ്രവർത്തനങ്ങൾ എന്നിവ നടപ്പാകുന്നതിലേയ്ക്കായി പ്രോജെക്ട് മാനേജ്മെൻറ് കൺസൾട്ടന്റായി (പി എം സി) നിയമിക്കുകയും ചെയ്തു. നവീകരിച്ച ട്രാവൻകൂർ പാലസ് 04.08.2023 തീയതി ഉദ്ഘാടനം ചെയ്യുകയും പൈതൃകത്തിന്റെയും കലയുടെയും പ്രദർശനങ്ങൾക്കും മറ്റു സാംസ്കാരിക പരിപാടികൾ നടത്തുന്നതിലേക്കുമായി ആർട്ട് ഗാലറി , മൾട്ടി ഫങ്ക്ഷനിങ് ഹാൾ, തുറന്ന തീയേറ്ററുകൾ, കോൺഫറൻസ് ഹാളുകൾ ഉൾപ്പെടുന്ന പാലസ് സമുച്ചയം പൊതു ജനങ്ങൾക്ക് തുറന്നു കൊടുക്കുകയും ചെയ്തു.<br><br>പ്രവർത്തികൾ സംബന്ധിച്ച കണക്കുകൾ അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ് ചെയ്തിട്ടുണ്ട്. |
| (ബി) | ഇപ്രകാരം പൂർത്തീകരിച്ചതും നടപ്പാക്കി കൊണ്ടിരിക്കുന്നതുമായ വർക്കുകൾ സംബന്ധിച്ച കണക്കുകൾ അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിങ്ങിന് | (ബി) | 'എ ' പിരിവിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട് . |

| | | | |
|---|---|---|---|
| | വിധേയമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ അറിയിക്കാമോ; | | |
| (സി) | ട്രാവൻകൂർ പാലസിലെ പ്രവൃത്തികൾ ഏജൻസികൾക്ക് നൽകുന്നത് ടെൻഡർ അക്രഡിറ്റഡ് ഏജൻസി വഴിയാണോ; വ്യക്തമാക്കാമോ; ഇപ്രകാരം പൂർത്തീകരിക്കപ്പെട്ട പ്രവൃത്തികൾ ഏതെന്നും പൂർത്തികരിച്ച തീയതിയെന്നാണെന്നും അറിയിക്കാമോ; | (സി) | 'എ ' പിരിവിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| (ഡി) | ഇവിടെ നടപ്പാക്കേണ്ട പ്രവൃത്തികൾ വിഭാവനം ചെയ്യുന്നതിനും പ്രോജക്ട് തയ്യാറാക്കി ശിപാർശ ചെയ്യുന്നതിനും ഏതെങ്കിലും സർക്കാർ/സ്വകാര്യ ഏജൻസിയുടെ സഹായം തേടിയിട്ടുണ്ടോ; ഇപ്രകാരമുള്ള പദ്ധതികൾ വിഭാവനം ചെയ്യുന്നത് മലയാളികൾക്ക് ഉപകാരപ്പെടുന്ന രീതിയിലാണെന്ന് ഉറപ്പാക്കുന്നതിന് എന്ത് സംവിധാനമാണുള്ളത്; വ്യക്തമാക്കാമോ? | (ഡി) | 13-06-2017 തീയതിയിലെ സ.ഉ.(സാ.ധാ.) 3683/2017/പൊഭവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പാലസിൽ നടപ്പാക്കേണ്ട പ്രവർത്തികൾ വിഭാവനം ചെയ്യുന്നതിനും നിർദേശങ്ങൾ തയ്യാറാക്കുന്നതിനുമായി വിദഗ്ധ സമിതിയും പ്രശസ്തരായ ആർക്കിടെക്ടുകളിൽ നിന്ന് ആശയങ്ങൾ, പ്ലാനുകൾ, ഡിസൈനുകൾ എന്നിവ ക്ഷണിച്ച് അവ വിലയിരുത്തുന്നതിനായി ഒരു സെർച്ച് കം സെലക്ഷൻ കമ്മിറ്റിയും രൂപീകരിച്ചിരുന്നു. |

സെക്ഷൻ ഓഫീസർ